COCHIN LEGISLATIVE COUNCIL

12th of August 1932.

Friday, the———————

18th of Karkadagam 1107.

The House met at half-past eleven of the clock with the President in the chair. Messrs. K. G. Nayar, S. S. Koder, P. Krishna Menon, K. T. Mathew, C. A. Ouseph, Popatlal Goverdhan Lalan and P. I. Varugis were absent.

Questions and Answers.

Bhajana Madhoms.

246. മിസ്റ്റർ കെ. വി. വള്ളോൻ.—ക. ഇപ്പോൾ ഉള്ള അധീകൃത ഭജനമഠങ്ങളിൽ വിളക്കുവയ്ക്കുവാൻ എത്രപേരെ നിയമിച്ചിട്ടുണ്ട്; അവർക്ക് മാസത്തിൽ എത്ര ഉറുപ്പികവീതം ശമ്പളം കൊടുക്കുന്നുണ്ട്; അവർ ഏതെല്ലാം ജാതിയിൽ പെട്ടവരാണ്; അവരിൽ അധീകൃതരായിട്ടുള്ളവരും ഉണ്ടോ; ടി മഠങ്ങളിൽ എത്ര ഉറുപ്പിക വീതം എണ്ണച്ചിലവു വരുന്നുണ്ട്;

ഖ. ടി ഭജനമഠങ്ങളിൽ കാണിക്ക വീഴുന്ന സംഖ്യ എത്ര; ടി സംഖ്യ ഏതു ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു; ഏതെല്ലാം ഭജനമഠങ്ങളിലാണ് വിളക്കുവയ്ക്കുന്നതിനും ശവമ്മെണ്ടിൽനിന്നും ധനസഹായം നല്കാതെയിരിക്കുന്നത്;

ന. മാള വലിയപറമ്പിലുള്ള ഭജനമഠത്തിൽ നിയമിക്കപ്പെട്ടിരിയ്ക്കുന്ന ഇഴവ സന്യാസിയെപ്പറ്റി വല്ല ആക്ഷേപവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തായിരുന്നു;

ര. അദ്ദേഹം അവിടെനിന്നും ഒളിച്ചുപോകയുണ്ടായോ; ഇപ്പോൾ അദ്ദേഹം എവിടെയാണ്; അദ്ദേഹത്തിന്റെ മേൽ എന്തു നടപടിയാണ നടത്തിയത്?

രാമവമ്മതമ്പുരാൻ.—ക. അധീകൃത ഭജനമഠങ്ങളിൽ വിളക്കുവക്കുവാനായി ആരേയും നിയമിച്ചിട്ടില്ല. മാസത്തിൽ എണ്ണച്ചിലവു ഉദ്ദേശം ക. ണ. വരാറുണ്ട്.

ഖ. യാതൊന്നും കാണിക്ക വീഴാറില്ല. മുളവുകാട്, കൊറനെല്ലൂർ, മുരുക്കുങ്കൽ, നെടുപുഴ എന്നീ സ്ഥലങ്ങളിലെ ഭജനമഠങ്ങളിലേക്ക് ധനസഹായം ചെയ്യുന്നില്ല.

ന. യാതൊരാക്ഷേപവും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ർ . ഇല്ല. അദ്ദേഹം ഇപ്പോൾ ആനന്ദപുരം അധ്യാപക കാളനായിലെ ഒണ്ണറി വാർഡനാണ . അദ്ദേഹത്തിന്റെ മേൽ യാതൊരു നടപടിയും നടത്തേണ്ട കാരണം ഉണ്ടായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഭജനമഠങ്ങളിൽ വിളക്ക് വയ്ക്കുവാൻ ആരെയെങ്കിലും ഗവമ്മെണ്ടിൽനിന്നു നിയമിച്ചിട്ടുണ്ടോ?

രാമവർമ്മ തമ്പുരാൻ.—പ്രത്യേകിച്ച് അതിലേയ്ക്കു ഒരാളേയും വച്ചിട്ടില്ല. അവിടെ താമസിയ്ക്കുന്നവരിൽ ആരെങ്കിലുമായിരിയ്ക്കും വിളക്കു വയ്ക്കുന്നത്.

മിസ്റ്റർ കെ. പി. വള്ളോൻ.—മുളവുകാട്ട് മാത്രം എന്തുകൊണ്ടാണ് ധനസഹായം ചെയ്യാതിരിയ്ക്കുന്നത്?

രാമവർമ്മ തമ്പുരാൻ.—പ്രത്യേകിച്ച് കാരണമൊന്നുമുണ്ടായിട്ടില്ല. അനവധി ദിക്കിൽ ചെയ്തുകൊടുക്കാതെയുണ്ട്. കുറച്ചു ദിക്കുകളിലെ ചെയ്തുകൊടുത്തിട്ടുള്ളു.

മിസ്റ്റർ കെ. പി. വള്ളോൻ.—മാളയിൽനിന്നും ഈ സന്ന്യാസിമാരെ ആനന്ദപുരത്തേയ്ക്കു മാറുവാനുണ്ടായ കാരണമെന്താണ്?

രാമവർമ്മ തമ്പുരാൻ.—നിശ്ചയമില്ല.

Training in Co-operation

247. മിസ്റ്റർ കെ. പി. വള്ളോൻ.—സ്കൂൾഫൈനൽ ക്ലാസിൽ പഠിക്കുന്ന അധ്യാപക വിദ്യാർത്ഥി മിസ്റ്റർ അയ്യർ പരസ്പര സഹായ പരിശീലനത്തിനു് സംരക്ഷകനോടു് അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിനു് എന്തു മറുപടിയാണു് നല്കിയതു?

രാമവർമ്മതമ്പുരാൻ.—സംരക്ഷകൻ വഴി ഗവമ്മെണ്ടിലേക്കു് അപേക്ഷിച്ചിരുന്നു. പ്രസ്തുത വിദ്യാർത്ഥിക്കു് വേണ്ട പരീക്ഷായോഗ്യത ഇല്ലാത്തതിനാൽ അപേക്ഷ അനുവദിച്ചില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കോഓപ്പറേറീവു് പരീക്ഷീലനത്തിനു് എന്തു് കമ്മ്യൂണിക്കേഷൻ വേണം?

രാമവർമ്മ തമ്പുരാൻ.—സ്കൂൾ ഫൈനൽ വേണം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—വേറെ വല്ലവരേയും അയച്ചിട്ടുണ്ടായിരുന്നോ?

രാമവർമ്മ തമ്പുരാൻ.—കോ-ഓപ്പറേറീവു് രജിസ്ട്രാർ ആഫീസിൽ ജോലി ചെയ്യുന്ന ഒരാളെ എടുത്തിട്ടുണ്ടു്. അയാൾ കുറച്ചുകാലം ഇൻസ്പെക്ടറായി ആക്ട് ചെയ്തിട്ടുമുണ്ടു്. അങ്ങിനെ ഒരാളെ എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly